പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 185 06/12/2018 - ൽ മറുപടിക്ക്

## നവകേരള നിർമ്മിതിയിൽ സഹകരണ മേഖലയുടെ പങ്ക്

ചോദ്യം

ശ്രീ. എൻ. വിജയൻപിള്ള
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. വി. കെ. സി മമ്മത് കോയ
ശ്രീ. കെ. ബാബു

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രളയാനന്തര നവകേരള നിർമ്മിതിക്കായുള്ള സർക്കാരിന്റെ യജ്ഞത്തിൽ ഭാഗഭാക്കായി സഹകരണ മേഖല നടത്തി വരുന്ന ഭവന നിർമ്മാണ പദ്ധതി വിശദമാക്കാമോ; | എ) | പ്രളയാനന്തര നവകേരള നിർമ്മിതിയ്ക്കായുള്ള സർക്കാർ യജ്ഞത്തിന്റെ ഭാഗഭാക്കായി സഹകരണ മേഖല നടപ്പിലാക്കുന്ന പദ്ധതിയാണ് CARe Home പദ്ധതി. ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. 80 കോടി രൂപയിലധികമാണ് വകുപ്പ് ഒന്നാം ഘട്ട പദ്ധതിയ്ക്കായി ചിലവഴിക്കുന്നത്. സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭിക്കുന്ന തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീടിനായി ചിലവഴിക്കുന്നത്.<br><br>ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ചുമതല സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് ഏൽപ്പിക്കുന്നത്.<br><br>അതാത് പ്രദേശത്തെ സാഹചര്യം ഭൂമിയുടെ ഘടന, ഭൂമി ലഭ്യത, ഗുണഭോക്താവിന്റെ താൽപര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുസരിച്ച് തയ്യാറാക്കുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ചാണ് നിർമ്മാണം ഏറ്റെടുക്കുക. ആയതിലേയ്ക്ക് എഞ്ചിനീയറിംഗ് വിദഗ്ദ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിയിൽ കുറയാൻ പാടില്ലായെന്നും നിർമ്മാണം ആരംഭിച്ച് മൂന്നു മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) | പ്രളയബാധിതരെ സഹായിക്കാനായി പലിശ രഹിത വായ്പ പദ്ധതിയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്കാളിത്തം വിശദമാക്കാമോ; | ബി) | കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആശ്വാസമേകാൻ സഹകരണ വകുപ്പ് പ്രഖ്യാപിച്ച പദ്ധതിയാണ് CARe Kerala Project . ഇതിൽ ദുരിതബാധിതർക്ക് ലളിതമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള CARe Loan പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.<br><br>പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും, വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റിസർജന്റ് കേരള ലോൺ സ്കീം (RKLS) എന്നൊരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ കുടുംബ നാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ പലിശ രഹിത ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിരുന്നു.<br><br>കുടുബശ്രീയിൽ 2.77 ലക്ഷം അയൽക്കൂട്ടങ്ങൾ ഉള്ളതിൽ ഏകദേശം 1.1 ലക്ഷം അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ട് സഹകരണ ബാങ്കിൽ ആയതിനാൽ റീസർജന്റ് കേരള ലോൺ സ്കീം (RKLS) സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ കുടുംബശ്രീ മിഷൻ തീരുമാനിച്ചിരുന്ന സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിനു വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് റിസർജന്റ് കേരള ലോൺ സ്കീം നടപ്പാക്കുന്നത്.<br><br>സി.ഡി.എസ് ശുപാർശയോടെ സഹകരണ ബാങ്കുകളെ സമീപിക്കുമ്പോൾ അതേ ബാങ്കിൽ അക്കൗണ്ടുള്ള അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് പരമാവധി ഒരു ലക്ഷം രൂപയാണ് വായ്പ നൽകുക. നിലവിൽ വായ്പയുള്ളവർക്ക് നിലവിലെ വായ്പാ ബാക്കി നിൽപ്പ് കഴിച്ചുള്ള തുകയ്ക്കാണ് അർഹത. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആണ്. അതിൽ തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം ഉണ്ട്. 10-ാം മാസം മുതൽ തുല്യ മാസ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.<br><br>വ്യക്തികൾക്ക് പലിശ രഹിതമായാണ് വായ്പ നൽകുന്നതെങ്കിലും ബാങ്കുകൾക്ക് ലഭിക്കേണ്ട 9 % നിരക്കിലുള്ള പലിശ കുടുംബശ്രീ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>റിസർജന്റ് കേരള ലോൺ സ്കീം (RKLS) പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിലൂടെ നാളിതുവരെ സംസ്ഥാനത്ത് 3340 അപേക്ഷകളിലൂടെ 19886 പേർക്ക് 15184.07 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. |
| സി) | ഹ്രസ്വകാല കാർഷിക വായ്പകൾ ഈടില്ലാതെ നൽകി ഗ്രാമ സമ്പദ് വ്യവസ്ഥയെ താങ്ങി നിർത്തുന്ന പ്രവർത്തനത്തോടൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | സി) | കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിയ്ക്കാനായി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് വരികയാണ്. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാ ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും, സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറായി വരുന്നു. |

| | | | |
|---|---|---|---|
| ഡി) | സഹകരണ മേഖലയെ ദുർബലപ്പെടുത്താൻ ചില ശക്തികൾ നടത്തുന്ന ശ്രമത്തിന്റെ തുടർച്ചയായി കാർഷിക സഹകരണ സംഘങ്ങളുടെ മേൽ പോലും നിയമവിരുദ്ധമായി ആദായ നികുതി വകുപ്പ് കടന്നുകയറുന്നത് തടയാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | ഡി) | ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) യിൽ 01.04.2007 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തിയത് മൂലം സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് അന്നു വരെ ലഭ്യമായിക്കൊണ്ടിരുന്ന ആദായ നികുതി ഇളവ് നിർത്തലാക്കുകയുണ്ടായി.<br><br>എന്നാൽ പ്രാഥമിക കാർഷിക സംഘങ്ങളായി പ്രവർത്തിക്കുന്നു എങ്കിലും സംഘങ്ങളുടെ അറ്റാദായത്തിന്റെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദം ഉന്നയിച്ച് ആദായ നികുതി വകുപ്പ് സംഘങ്ങൾക്കെതിരായി നടപടികൾ സ്വീകരിക്കുന്നുണ്ട്. സഹകരണ മേഖല സമൂഹത്തിലെ സകലമേഖലയേയും ബാധിക്കുന്ന ഒന്നായതിനാൽ മുഴുവൻ സംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുംവിധം ആദായനികുതി നിയമത്തിലെ 80 (പി) യിലെ ഭേദഗതി ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ